**INDIAN SCHOOL SOHAR**
**PERIODIC TEST II (2022 - 23)**
**MALAYALAM (012)**

**No. of Printed Pages: 6**

**CLASS: IX** **MAX.MARKS: 80**
**DATE: 20/09/2022** **TIME: 3 hrs.**

**General Instructions**

- This question paper contains 6 printed pages
- Write the serial number of the question before attempting it
- Separate instructions are given for each section , wherever necessary
- The question paper is divided into two sections:-
  Section A: Reading comprehension,
  :Vocabulary building and MCQ : 40 Marks
  Section B: Grammar, Composition &
  :Literature (Prose, Poetry& Non-detailed) : 40 Marks

## എ വിഭാഗം /A Section

**1.താഴെക്കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക** **(8 x 1 = 8)**

അമ്മതൻ ചിൻമുദ്രയാണീയെഴുത്തുകൾ
തന്മകന്നായിപ്പകർന്ന പാൽമുത്തുകൾ
ഇന്നു നാം വീടിന്നു മോടികൂട്ടുന്നേര-
മൊന്നായടുക്കിയൊതുക്കിവയ്ക്കട്ടെ ഞാൻ

പട്ടണക്കോപ്പു നിറയ്ക്കയാലിച്ചില്ലു-
പെട്ടികൾ തിങ്ങി , നിന്നിഷ്ടമാണെന്റെയും,
കാൽപ്പെട്ടിയിൽ വച്ചു താഴിട്ടു പിന്നിലെ-
ച്ചായ്പ്പിലൊളിപ്പിച്ചാലറിയില്ല കുട്ടികൾ

എത്ര കൗതൂഹലം , നോക്കിയാൽ മിണ്ടുമി-
ചിത്രലേഖത്തിന്റെ താളുകൾ, അമ്മതൻ
വാത്സല്യ , മുക്തകണ്ഠ , സാരോപദേശങ്ങൾ,
വേദന , പ്രാർഥന ,നാമസങ്കീർത്തനം ,
നാട്ടുപുരാണങ്ങൾ , വീട്ടുവഴക്കുകൾ ,
ഊട്ടുത്സവങ്ങൾ , വിതപ്പൊലിപ്പാടുകൾ
നാവേറുമന്ത്രം , നറുക്കിലപ്പൂവുകൾ
നീർവീഴ്ചയാറ്റാൻ മരുന്നുകുറിപ്പുകൾ -
നാദമായ് വന്നെന്റെ നാവിലേത്തേനായി ,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ

ഭദ്രമായ്തന്നെയിരിക്കട്ടെ , കുട്ടികൾ
തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ
എന്തു നവീനം , കുലീനം പ്രിയേ നിന്റെ
സുന്ദരദൃഷ്ടി , നിന്നിഷ്ടമാണെന്റെയും
അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ
നമ്മൾ വിദേശത്തു നിർമ്മിച്ചോരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം

a) എഴുത്തുകളെ കവി വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്?
( അശുദ്ധമായി , ചിൻമുദ്രയായി , പട്ടണക്കോപ്പായി , താളമായി )

b) അമ്മ മകന് കത്ത് അയക്കുന്നതെന്തിന്?
( മകന്റെ കൂടെ കഴിയാനുള്ള കൊതികൊണ്ട് , പട്ടണവാസിയാകാൻ വേണ്ടി , മകനോടുള്ള സ്നേഹവാത്സല്യം കൊണ്ട് , ആൾക്കാരെ ബോധിപ്പിക്കാൻ )

c ) നാവിലെ തേൻ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
( തേനിന് മധുരം ഉണ്ടെന്ന് , നാവിന്റെ പ്രത്യേകത , അമ്മ തേൻ നല്കുമെന്ന് , മാതൃഭാഷ മാധുര്യം ഉള്ളതാണെന്ന് )

d) ചില്ലുപെട്ടികൾ തിങ്ങിയത് എന്തുകൊണ്ട്?
( എഴുത്തുകൾ കൊണ്ട് , പട്ടണക്കോപ്പുകൾ കൊണ്ട് , കളിപ്പാട്ടങ്ങൾ കൊണ്ട് , മരുന്നുകൾ കൊണ്ട് )

e) കത്തുകൾ കാൽപ്പെട്ടിയിൽ വച്ച് പൂട്ടുന്നതെന്തിന്?
( നഷ്ടപ്പെട്ടു പോകാതിരിക്കാൻ , ഭാര്യ വായിക്കാതിരിക്കാൻ , കുട്ടികൾ വായിക്കാതിരിക്കാൻ , ആളുകൾ കാണാതിരിക്കാൻ )

f ) അമ്മയുടെ കത്തിൽ ഉൾപ്പെടാത്ത കാര്യം ഏതാണ്?
( നാമസങ്കീർത്തനം , നാട്ടു പുരാണങ്ങൾ , കുറ്റപ്പെടുത്തൽ , പ്രാർഥന )

g) കുട്ടികൾ തൊട്ടുവായിച്ചാൽ അശുദ്ധം എന്നു പറഞ്ഞതാര്?
( അമ്മ , മകൻ , മകന്റെ ഭാര്യ , നാട്ടുകാർ )

h) സുന്ദരദൃഷ്ടി – വിഗ്രഹിക്കുക
( സുന്ദരന്റെ ദൃഷ്ടി , സുന്ദരമായ ദൃഷ്ടി , സുന്ദരിയുടെ ദൃഷ്ടി , സൗന്ദര്യവും ദൃഷ്ടിയും )

i) 'നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മ തൻ ബിംബം 'എന്നതുകൊണ്ട് ധ്വനിപ്പിക്കുന്നത് എന്ത്?
( ഇംഗ്ലീഷ് ഭാഷയെ , മാതൃഭാഷയെ , അമ്മയുടെ രൂപം നിർമ്മിച്ചു , അമ്മയെ വിദേശത്തു കൊണ്ടുപോയി )

j) ഈ കവിതയുടെ പ്രധാന ആശയം എന്ത്?
( മാതൃ ഭാഷയുടെ മഹത്വം , വിദേശ വസ്തുക്കളോടുള്ള ഭ്രമം , വിദേശ ഭാഷയുടെ മഹത്വം , അമ്മയുടെ വേദന )

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(8 x 1 = 8)**

a) മന്ദം – എന്നതിന്റെ വിപരീതപദം എന്ത്?
( ആമന്ദം , ശീർഷം , ശീഘ്രം , വിമന്ദം )

b) ശരീരം – എന്നതിന് പര്യായം ആയി വരാത്ത പദം?
( ഉടൽ , മേനി , ഉഡു , വപുസ്സ് )

c) ത്വര – എന്ന വാക്കിന് അർഥമായി വരുന്ന പദം ഏത്?
(തിടുക്കം , തുടക്കം , തർക്കം , താമര )

d) ശരിയായ പദം ഏത്?
( ഉദ്ധരണി , ഉദരണി , ഉദ്ധരിണി , ഉഥരണി )

e) ഉലകം –ഉലൂകം – ഇവയുടെ അർഥവ്യത്യാസം കണ്ടെത്തിയെഴുതുക
( ലോകം , തത്ത , കുടം , മൂങ്ങ )

f ) മാനുഷാകാരം – ഈ വാക്കിന്റെ വിഗ്രഹാർഥം എന്ത്?
( മനുഷ്യന്റെ കരം , മാനുഷന്റെ കരം , മനുഷ്യന്റെ ആകാരം , മനുഷ്യനും ആകാരവും )

g) കിഴവൻ - എതിർലിംഗം എഴുതുക
( കിഴവ , കിഴവി , കിഴവിനി , കിഴവത്തി )

h) ഘനം – എന്ന വാക്കിന്റെ നാനാർഥപദങ്ങൾ ഏതെല്ലാം?
( വെള്ളം , മേഘം , ഭാരം , നുകം )

i) രാത്രി യുടെ പര്യായമായി വരുന്ന പദം ഏത്?
(തമസ്സ് , അന്ധകാരം , അന്തി , നിശ)

j) നിർജീവം –എന്ന വാക്കിന്റെ വിപരീതം എന്ത്?
( ജീവം , സജീവം , ദുർജീവം , അജീവം )

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(4 x 2 = 8)**

**a) "ഒരാളുടെ കർമ്മം ഫലിച്ചില്ലെങ്കിലും കർമ്മത്തിന് പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനീയനാണ് "**

i) ഇത് ആരുടെ ആശയമാണ്?
( ഹെർമൻ ഹെസ്സെ , വില്യം ഷേക്സ്പിയർ , ഇമ്മാനുവൽ കാന്റ് , ജോർജ് ഹേഗൽ )

ii) ഈ ആശയം വരുന്ന വാക്യം തെറ്റ് കൂടാതെ പറഞ്ഞത് ആര്?
( ദാമോദർ ഗാവുങ്കർ , നിത്യ ചൈതന്യ യതി , രാംഗോപാൽ മിശ്ര , കർത്താർ സിങ് )

**b) "ദീനത്വമെന്തിന്നു നമുക്ക് മാത്രം "**

i) നാം ദീനത്വം കാണിക്കുന്നത് എന്തിന്?
(പ്രാർഥിക്കാൻ , വിളക്ക് കൊളുത്താൻ , സന്തോഷിക്കാൻ , ജോലി ചെയ്യാൻ)

ii) വിശ്വം ദീപമയം എന്ന ശീർഷകം ഉള്ളൂരിന്റെ ഏത് കവിതയിലെ വരികളാണ്?
( കർണ്ണ ഭൂഷണം , മണിമഞ്ജുഷ , പ്രേമസംഗീതം , ഉമാകേരളം )

**c ) " ദുർമന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ "**

i) അന്തിയിൽ മൂങ്ങകൾ ദുർമന്ത്രവാദം ചെയ്യുന്നത് എന്തിന്?
( ഇരുട്ട് അകറ്റാൻ , വെളിച്ചം അകറ്റാൻ , തിന്മ അകറ്റാൻ , ആളുകളെ പേടിപ്പിക്കാൻ )

ii) എവിടെയിരുന്നാണ് മൂങ്ങകൾ ഈ പ്രവൃത്തി ചെയ്യുന്നത്?
( അമ്പലനടയിൽ , കാഞ്ഞിരമരത്തോപ്പിൽ , പേരാലിൻ ചുവട്ടിൽ , വിഷക്കാവിൽ )

**d)** i) രണ്ടു ടാക്സിക്കാർ എന്ന പാഠം ഏത് സാഹിത്യ വിഭാഗത്തിൽ പെടുന്നു ?
( നോവൽ , ചെറുകഥ , അനുഭവക്കുറിപ്പ് , ജീവചരിത്രം )

ii) താഴെക്കൊടുത്തിരിക്കുന്നവയിൽ നിത്യ ചൈതന്യ യതിയുടെ വിശേഷണം അല്ലാത്തതേത്?
( തത്ത്വചിന്തകൻ , ഗാനരചയിതാവ് , മന:ശാസ്ത്രജ്ഞൻ , സന്യാസി )

**e) "പ്രാദുർഭവിച്ചാൽ മതിയമ്മഹത്താം**
**---------- സർവ്വത്തിലുമൊന്നുപോലെ "**

i) വരികളിലെ വിട്ടുപോയ ഭാഗത്ത് വരുന്ന വാക്കേത്?
( വിശ്വാസം , പ്രത്യാശ , പ്രതീക്ഷ , വിവേകം )

ii) മനസ്സിൽ നൈരാശ്യം ഉള്ളവർക്ക് മദ്ധ്യാഹ്നം പോലും എങ്ങനെയായിരിക്കും?
( അർദ്ധരാത്രി , സായാഹ്നം , ഉഷസ്സ് , പകൽ )

**f ) " ഞാൻ ബോംബെ വിടുന്നത് വരെ കർത്താർസിങ് എന്ന ദാർശനികനായ ടാക്സിഡ്രൈവർ എന്റെ ഉത്തമസുഹൃത്തായി "**

i) കർത്താർസിങ്ങിന്റെ ഏത് സവിശേഷതയാണ് യതിക്ക് വിലപ്പെട്ടതായി തോന്നിയത്?
( വിനയം , അഹന്ത , സൌന്ദര്യം , ആത്മാർപ്പണം )

ii) " ഞാൻ അങ്ങയുടെ സേവയ്ക്കായി വന്നവനാണ് . എന്നെ സ്വന്തം കുട്ടി എന്നു കരുതുക " – ഇങ്ങനെ പറഞ്ഞതാര് ?

( വെയിറ്റർ , രാംഗോപാൽമിശ്ര , സ്റ്റേഷൻ മാസ്റ്റർ , ദാമോദർ ഗാവുങ്കർ )

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(4 x 4 = 16)**

**a) " പെട്ടെന്നു തോന്നിയത് ലോകം തവിടുപൊടി ആയിപ്പോയെന്നാണ് "**

i) യതിക്ക് കിടക്കയും പുസ്തകങ്ങൾ നിറഞ്ഞ പെട്ടിയും നഷ്ടപ്പെട്ടത് എവിടെവച്ചാണ്?
( കൽക്കട്ടയിൽ വച്ച് , ബോംബെയിൽ വച്ച് , വാരണാസിയിൽ വച്ച് , ചെമ്പൂരിൽ വച്ച് )

ii) നിധി കാക്കുന്ന ഭൂതത്തെപ്പോലെ യതിയുടെ സാധനങ്ങൾ സൂക്ഷിച്ചത് ആര്?
( കർത്താർ സിങ് . രാംഗോപാൽ മിശ്ര , സ്റ്റേഷൻ മാസ്റ്റർ , വെയിറ്റർ )

iii) യതിയുടെ അഭിപ്രായത്തിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞുനിൽക്കുന്ന പദം ഏത്?
( നന്മ , വിവേകം , സത്യസന്ധത , അമ്മ )

iv) "ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത് "– ഇങ്ങനെ പറഞ്ഞതാര്?
( ഊണ് കൊണ്ടുവന്ന വെയിറ്റർ , സ്റ്റേഷൻ മാസ്റ്റർ , നിത്യചൈതന്യ യതി , രാംഗോപാൽ മിശ്ര )

**b) "പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ "**

i) കരൾക്കാമ്പിൽ പുണ്ണുകൾ പടർന്നത് ആർക്ക്?
( കാളകൾക്ക് , വണ്ടിക്കാരന് , പഥികന് , കൃഷിക്കാരന് )

ii) നിർജീവങ്ങൾ എന്നും നിർവികാരങ്ങൾ എന്നും വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?
( വണ്ടിക്കാരന്റെ കണ്ണുകളെ , വണ്ടിക്കാരന്റെ ജീവിതത്തെ , കാളവണ്ടിയെ , മൂങ്ങകളെ )

iii) ഉച്ചക്ക് പേരാലിൻ ചുവട്ടിൽ ശയിക്കുന്നത് ആര്?
( തത്തകൾ , കാളകൾ , വണ്ടിക്കാരൻ , പഥികർ )

iv) താഴെക്കൊടുത്തിരിക്കുന്നവയിൽ പി. ഭാസ്കരന്റെ കൃതി അല്ലാത്തത് ഏത് ?
( മരണം എന്ന വാതിലിനപ്പുറം , ഒറ്റക്കമ്പിയുള്ള തംബുരു , ഓർക്കുക വല്ലപ്പോഴും , വയലാർ ഗർജ്ജിക്കുന്നു )

**c ) "ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ -**
**ണ്ടിരുട്ടു തൽക്കാലമകറ്റിയീശൻ "**

i) വപുസ്സിനുഥാനമുഷസ്സിലേകാൻ വരേണ്ടത് എന്ത്?
( രാത്രി , പകൽ , സന്ധ്യ , സൂര്യൻ )

ii) മനുഷ്യർ മാഴ്കുന്നത് എന്തിന്?
( ലോകം ദു:ഖം നിറഞ്ഞതായതുകൊണ്ട് , പണം ഇല്ലാത്തതിനാൽ , രാത്രി വരുന്നതിനാൽ , വിളക്ക് കത്തിക്കാൻ മടിയായത് കൊണ്ട് )

iii) ഉള്ളൂർ രചിച്ച മഹാകാവ്യം ഏത് ?
( ചിത്രയോഗം , കർണ്ണ ഭൂഷണം , ഉമാകേരളം , പ്രേമസംഗീതം )

iv) എന്ത് കരുതിയാണ് നാം ഉറങ്ങാൻ പോകുന്നത് ?
( ഉണർന്നിടാമെന്നു കരുതി , സ്വപ്നം കാണാമെന്ന് വിചാരിച്ച് , വിശ്രമിക്കാൻ , രാത്രി ആയെന്നു കരുതി )

**d) " മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി –**
**ട്ടറ്റത്ത് വണ്ടിക്കൈയ്യിലിരിപ്പൂ കൂനിക്കൂടി "**

i) വണ്ടിക്കാള എന്ന എന്ന വിശേഷണത്തിന്റെ പൊരുൾ എന്ത് ?
( വണ്ടി വലിക്കുന്ന കാള , കാള ഭാരം ചുമക്കുന്നു , ജീവിതഭാരം പേറുന്ന തൊഴിലാളി വർഗം , കാളകൾ നന്നായി പണിയെടുക്കും )

ii) കവി ഗ്രാമ വീഥിയിൽ കണ്ട കരൾ നടുങ്ങുന്ന ദൃശ്യം എന്തായിരുന്നു?
( കാളകൾ വണ്ടി വലിക്കുന്നത് , കന്യകമാർ താമരക്കുളം നോക്കി ഗമിക്കുന്നത് , വണ്ടിക്കാരനെയും വഹിച്ചുകൊണ്ടുള്ള വിലാപയാത്ര , മൂങ്ങകൾ ദുർമന്ത്രവാദം ചെയ്യുന്നത് )

iii) വിഷാദത്തിൻ വിലാപം പടർന്നീലാ..... എവിടെ ?
( മണ്ണിൽ , വിണ്ണിൽ , കണ്ണിൽ , ഉള്ളിൽ )

iv) കാളകൾ എന്ന കവിത ഏത് വൃത്തത്തിൽ ആണ് രചിച്ചിട്ടുള്ളത്?
( മഞ്ജരി , കാകളി , കളകാഞ്ചി , കേക )

**e) "എന്നാൽ തത്ത്വചിന്തയെ അത്രയ്ക്ക് സ്നേഹിക്കുന്ന ആ നല്ല മനുഷ്യൻ എന്റെ പേഴ്സ് തിരികെ കൊണ്ടുവന്നു തരുമെന്നു തന്നെ ഞാൻ പ്രതീക്ഷിച്ചു "**

i) യതി ആരെപ്പറ്റിയാണ് ഇങ്ങനെ പറഞ്ഞത്?
( ദാമോദർ ഗവുങ്കർ , രാംഗോപാൽ മിശ്ര , കർത്താർ സിങ് , വെയിറ്റർ )

ii) കർത്താർ സിങ് ജീവിതത്തിൽ ഒരേയൊരർഥം കണ്ടെത്തിയത് എന്തിലായിരുന്നു?
(ഫിലാസഫി പഠിക്കുന്നതിൽ , പുസ്തകങ്ങൾ വായിക്കുന്നതിൽ , അമ്മയെ പരിചരിക്കുന്നതിൽ , ടാക്സി ഓടിക്കുന്നതിൽ )

iii) കർത്താർ സിങ്ങിന് പിതാവിനെയും സഹോദരനെയും നഷ്ടപ്പെട്ടത് എങ്ങനെ?
(ഇന്ത്യ വിഭജനത്തിൽ , ബംഗാൾ വിഭജനത്തിൽ , കാറപകടത്തിൽ , ഇന്ത്യ-ചൈന യുദ്ധത്തിൽ )

iv) ദാമോദർ ഗവുങ്കർ യതിയുടെ പിന്നാലെ കൂടിയത് എന്തിന് ?
( മന:ശാസ്ത്രം പഠിക്കാൻ , വെസ്റ്റേൺ ഫിലോസഫി പഠിക്കാൻ , ഒറ്റയ്ക്ക് യാത്ര ചെയ്യാൻ ഇഷ്ടമില്ലാത്തതിനാൽ , യതിയുടെ ഉറ്റ സുഹൃത്തായതിനാൽ )

## ബി വിഭാഗം / B Section

**5. a) പ്രയോഗം മാറ്റുക** **(3 x 1 = 3)**

i) യതിയാൽ ഒരു പെട്ടി നിറയെ പുസ്തകങ്ങൾ കൊണ്ടുപോകപ്പെട്ടിരുന്നു
ii) ഞാൻ സ്റ്റേഷൻ മാസ്റ്ററുടെ അടുത്തേക്ക് കുതിച്ചു പാഞ്ഞു
iii) ഒരു മണിക്കൂർ കഴിഞ്ഞ് ഞങ്ങൾ നിർദ്ദിഷ്ട സ്റ്റേഷനിൽ എത്തി

**b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യം ആക്കുക** **(3 x 1 = 3)**

i) ദീർഘയാത്ര ആയതുകൊണ്ട് കിടക്കയും മറ്റ് സാധനങ്ങളും എടുത്തു.
ii) എനിക്കു ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയാൽ രണ്ടു മണിക്കൂർ താമസം ഉണ്ട്
iii) ദാമോദറിന്റെ അച്ഛൻ ഒരു മില്ലുടമയാണ്

**c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 x 1 = 2)**

i) സംസാരിച്ചുതുടങ്ങിയപ്പോഴാണ് എന്റെ ടാക്സിഡ്രൈവർ ഉന്നതകുലത്തിൽ ജനിച്ച അഭിജാതനായൊരു സുന്ദരപുരുഷനാണെന്ന് മനസ്സിലായത്

ii) കണ്ണുകാണാൻ കഴിയാത്ത അന്ധരായ കോളേജ് വിദ്യാർഥികൾക്ക് ഞാൻ പുസ്തകങ്ങൾ വായിച്ചു കൊടുക്കുമായിരുന്നു

**d) വാക്യത്തിൽ പ്രയോഗിക്കുക** **(2 x 1 = 2)**

i) സങ്കടം ഉണർത്തിക്കുക ii) വിഭവ സമൃദ്ധം

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( ഓരോന്നിനും 5 മാർക്ക് വീതം )**

**a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** **(1 x 5 = 5)**

i) വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ - കാരണവും പരിഹാരമാർഗങ്ങളും
അല്ലെങ്കിൽ
ii) മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം

**b) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** **(1 x 5 = 5)**

i) ലഹരിമരുന്നുകളുടെ ഉപയോഗം വിദ്യാർഥികളിൽ
അല്ലെങ്കിൽ
ii) പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത

**c)** കേരളത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾക്ക് പരിഹാരം കാണണം എന്നും സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തണം എന്നും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക **(1 x 5 = 5)**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരമെഴുതുക ( ഓരോന്നിനും മൂന്ന് മാർക്ക് വീതം )**

**a) ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(1 x 3 = 3)**

i) ചെയ്യുന്ന തൊഴിലിനോടുള്ള രണ്ടു ടാക്സിക്കാരുടെയും മനോഭാവം താരതമ്യം ചെയ്തു കുറിപ്പെഴുതുക

ii) "പെട്ടെന്ന് തോന്നിയത് ജീവിതം തവിടുപൊടിയായിപ്പോയെന്നാണ് " - ഇങ്ങനെ തോന്നിയത് ആർക്ക് ? ഈ തോന്നലിന് കാരണമായ സന്ദർഭം ഏത്? വിവരിക്കുക.

**b) ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(2 x 3 = 6)**

i) കാളവണ്ടിക്കാരന്റെ വിശ്രമം ഇല്ലാത്ത ജീവിതത്തെ അവതരിപ്പിക്കാൻ കവി സ്വീകരിച്ചിരിക്കുന്ന തന്ത്രം എന്ത്?

ii) 'വിശ്വം ദീപമയം 'എന്ന കവിതയിലൂടെ കവി നൽകുന്ന സന്ദേശം എന്ത്?

iii) കാളകൾ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

**8. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(2 x 3 = 6)**

i) " ഭാരതത്തിന്റെ ആത്മീയമായസൌന്ദര്യം വീണ്ടെടുക്കാനുള്ള ഊർജ്ജമാണ് ഉള്ളിൽ വഹിക്കുന്നതെന്ന് ആ അമ്മ അപ്പോൾ അറിഞ്ഞിരുന്നില്ല "- ആരായിരുന്നു ആ അമ്മ? ആ അമ്മയുടെ സ്വഭാവ സവിശേഷതകൾ വിവരിക്കുക

ii) ബാല്യത്തിൽ തന്നെ പരിസരം മറന്നു ധ്യാനത്തിൽ ലയിച്ച് ഇരിക്കുന്നത് ബിലെയുടെ രീതിയായിരുന്നു – ഉദാഹരണ സഹിതം വിവരിക്കുക

iii) നരേന്ദ്രനും കൂട്ടുകാരും സിറാപ്പീസ് എന്ന കപ്പൽ കാണാനിടയാതെങ്ങനെ?

*******************************************